(ഇ) ഇപ്പോഴത്തെ അന്വേഷണം തൃപ്തികരമായതിനാൽ ഈ കാര്യം പരിഗണനയിൽ ഇപ്പോൾ ഇല്ല.

മയക്കുമരുന്ന് ഉപയോഗം തടയാൻ നടപടി

184 [3154] *പ്രൊഫ. എ. ഡി. മുസ്തഫ:*
ശ്രീ. എം. മുരളി:
,, *കെ. സുധാകരൻ:*
,, *ലൂഡി ലൂയിസ്:*
,, *കെ. എ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മയക്കുമരുന്നിന്റെ ഉപയോഗംമൂലം തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിൽ 2005 ജനുവരി മുതൽ ഇതുവരെ എത്ര മരണങ്ങളുണ്ടായിട്ടുണ്ട്;

(ബി) ഈ നഗരങ്ങളിൽ വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് ഉപയോഗം പൂർണ്ണമായി തടയുവാൻ എന്തെല്ലാം നടപടികളെടുത്തുവരുന്നു;

(സി) മയക്കുമരുന്നു കുത്തിവയ്ക്കാൻവേണ്ടിമാത്രം ഗ്രാമങ്ങളിൽ നിന്ന് നഗരപ്രദേശങ്ങളിലേക്ക് ആളുകൾ വരുന്നതായി റിപ്പോർട്ടുണ്ടോ?

ഉത്തരം

(എ) 2005 ജൂലായ് 28-ാം തീയതി വരെ ആരും മരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സംസ്ഥാനത്ത് മയക്കുമരുന്നിന്റെ ഉപയോഗം തടയുന്നതിന് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചും, ലഹരി ഉപയോഗിക്കുന്നവരെ ലഹരി വിമോചന കേന്ദ്രങ്ങളിൽ എത്തിച്ചും ലഹരി മരുന്നു വിൽപ്പനയും ഉപയോഗവും നടക്കുവാൻ ഇടയുള്ള സ്ഥലങ്ങൾ പ്രത്യേകം നിരീക്ഷിച്ചും നടപടി കൈക്കൊണ്ടുപോരുന്നു. ഓരോ ജില്ലയിലും ഒരു ഡിവൈ. എസ്. പി./ അസിസ്റ്റന്റ് കമ്മീഷണർ നേരിട്ട് മേൽനോട്ടം വഹിക്കുന്ന നാർക്കോട്ടിക് സെൽ പ്രവർത്തിക്കുന്നുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സർക്കാർ വകുപ്പുകളിൽ സ്ഥിരം വിജിലൻസ് സെൽ

185 [3155] *ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:*
ശ്രീ. തോമസ് ഉണ്ണിയാടൻ:
,, *സ്റ്റീഫൻ ജോർജ്:*
,, *ജോസഫ് എം. പുതുശ്ശേരി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിമതി നിലനിൽക്കുന്ന സർക്കാർ വകുപ്പുകളിൽ സ്ഥിരം വിജിലൻസ് സെൽ രൂപീകരിക്കുവാനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly